DESPATCHED
On. 27.9.22



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**

**തിരുവനന്തപുരം-695 001**

Email: sic.ker@nic.in

ഹർജി നമ്പർ **AP 553(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുളള നടപടിക്രമം

**File No.7856/SIC-Gen4/2022**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 സെപ്റ്റംബർ 23**

ശ്രീ. ജെസ്റ്റിൻ കെ. പ്രകാശ്,
ശ്രുതിഭവൻ,
മണ്ണൂർ പി.ഒ., ചണ്ണപ്പേട്ട (വഴി),
കൊല്ലം – 691 311.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ്
   പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്റ്റ്),
   ഹെഡ് ഓഫീസ് കോംപ്ലക്സ്, വട്ടിയൂർക്കാവ്,
   തിരുവനന്തപുരം-695 013.
2. അപ്പീൽ അധികാരി,
   കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ്
   പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി-ആപ്റ്റ്),
   ഹെഡ് ഓഫീസ് കോംപ്ലക്സ്, വട്ടിയൂർക്കാവ്,
   തിരുവനന്തപുരം-695 013.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 3.2.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 4.3.2022 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 14.3.2022 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 8.4.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 23.5.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 25.5.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 4.6.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 24.6.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 22.9.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ & എ.എ. | ഹർജിക്കാരനുവേണ്ടി പ്രതിനിധി ഹാജരായി<br>എതിർകക്ഷികൾ ഹാജരായി |

**ഉത്തരവ്**

ശ്രീ. ജെസ്റ്റിൻ കെ. പ്രകാശ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ

സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് തൃപ്തികരമല്ലാത്ത മറുപടിയാണ് ലഭിച്ചതെന്നും ആയതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു എന്നും എന്നാൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടിയെ ശരിവയ്ക്കുന്നതായിരുന്നു രണ്ടാം എതിർകക്ഷിയുടെ മറുപടി എന്നും ആയതിനാൽ കമ്മീഷൻ ഇടപ്പെട്ട് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനോടൊപ്പം എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 3.2.2022-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i) സി. ആപ്റ്റിൽ നിന്നും ഡെപ്യൂട്ടേഷനിൽ മറ്റ് സ്ഥാപനങ്ങളിൽ പോയിരിക്കുന്ന ജീവനക്കാരുടെ പേരും, തസ്തികയും, പോയിരിക്കുന്ന സ്ഥാപനങ്ങളുടെ പേരുവിവരവും ലഭ്യമാക്കണമെന്നും

ii) സി. ആപ്റ്റിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയ ഓരോ ജീവനക്കാരുടെയും No Objection Certificate പുതുക്കേണ്ട തീയതി ലഭ്യമാക്കണമെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 4.3.2022-ന് നൽകിയ മറുപടിയിൽ 1, 2, 3 എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ കഴിയില്ലെന്നും 4-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം വിവരാവകാശ നിയമം സെക്ഷൻ 2(എഫ്)-ന്റെ പരിധിയിൽ വരുന്നതല്ലെന്നുമാണ്. മേൽപ്പടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 14.3.2022-ന് നൽകിയ അപ്പീലിന് നൽകിയ മറുപടിയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി നിയമാനുസൃതമാണെന്നാണ് പ്രസ്താവിച്ചിട്ടുള്ളത്.

4. ഒന്നാം എതിർകക്ഷി 24.6.2022-ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 3.2.2022-ന് ടി ഓഫീസിൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടത് സി-ആപ്റ്റിൽ നിന്നും ഡെപ്യൂട്ടേഷനിൽ പോയിരിക്കുന്ന ജീവനക്കാരുടെ പേര്, തസ്തിക, പോയിരിക്കുന്ന സ്ഥാപനത്തിന്റെ പേരുവിവരം, എൻ.ഒ.സി. പുതുക്കേണ്ട തീയതി, സി-ആപ്റ്റിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റിൽ മറ്റ് സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന ജീവനക്കാരുടെ പേര്, തസ്തിക, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിന്റെ പൂർണ്ണമായ പേരുവിവരം തുടങ്ങിയവ ആയിരുന്നു എന്നും എന്നാൽ ടി വിവരങ്ങൾ ഓഫീസിൽ ക്രോഡീകരിക്കേണ്ട സാഹചര്യം ഇല്ലാതിരുന്നതിനാൽ ക്രോഡീകരിച്ച വിവരം ലഭ്യമായിരുന്നില്ലെന്നും കൂടാതെ ജീവനക്കാരുടെ സർവ്വീസ് വിവരങ്ങൾ വ്യക്തി വിവരങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ 8 (1) (ജെ) പ്രകാരം നൽകേണ്ടതില്ലെന്നും 4-ാം ഇനത്തിൽ ആവശ്യപ്പെട്ടിരുന്ന വിവരം സെക്ഷൻ 2(എഫ്)-ന്റെ പരിധിയിൽ വരുന്ന വിഷയമല്ലെന്നുമാണ്. ആയതിനാൽ ഹർജിക്കാരന് കൈമാറിയ വിവരങ്ങൾ വിവരാവകാശ നിയമ പ്രകാരമാണെന്നും ആയത് കണക്കിലെടുത്ത് അപ്പീൽ തീർപ്പാക്കി ഉത്തരവാകണമെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിന്റെയും ഹർജിക്കാരനേയും എതിർകക്ഷികളേയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട ചില വിവരങ്ങൾ വെബ്-സൈറ്റിൽ ലഭ്യമായിട്ടുള്ളതാണെന്ന് കമ്മീഷൻ മനസ്സിലാക്കുന്നു. എന്നാൽ ഫയലുകളിൽ ലഭ്യമായിട്ടുള്ള വിവരങ്ങൾ കാണുന്നതിനും, ആവശ്യമുള്ള പേജുകളുടെ പകർപ്പുകൾ എടുക്കുന്നതിനും വിവരങ്ങൾ ലഭ്യമായ ഫയലുകൾ കാണുന്നതിന് ഹർജിക്കാരന് നേരിട്ട് ഓഫീസിൽ സന്ദർശിക്കുന്നതിനുമുള്ള അവസരം നൽകാമെന്ന് എസ്.പി.ഐ.ഒയും അപ്പീൽ അധികാരിയും സമ്മതിച്ചിട്ടുണ്ട്. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ ക്രോഡീകരിച്ച് എതിർകക്ഷി ഓഫീസിൽ സൂക്ഷിച്ചിട്ടില്ല എന്ന് കമ്മീഷൻ മനസ്സിലാക്കുന്നു. മേൽ സാഹചര്യത്തിൽ, ഒന്നാം എതിർകക്ഷി ഹർജിക്കാരന് ഉചിതമായ മറുപടി ഓഫീസ് സന്ദർശിച്ച് ഫയൽ കാണുന്നതിനുള്ള അവസരം ഉൾപ്പെടെ താമസംവിനാ നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 സെപ്റ്റംബർ 23-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk